വാർത്താക്കുറിപ്പ്

2026 സെപ്റ്റംബർ 16

ഏറ്റുമാനൂരിൽ ജീവിതശൈലീരോഗങ്ങളെക്കുറിച്ച് ബോധവത്കരണ ക്യാമ്പയിൻ

ഏറ്റുമാനൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ സെപ്റ്റംബർ 19ന് ഫാറ്റി ലിവർ, പ്രമേഹം തുടങ്ങിയ ജീവിതശൈലീരോഗങ്ങളെക്കുറിച്ചുള്ള ജനകീയ ബോധവത്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജ്, ഏറ്റുമാനൂർ കുടുംബാരോഗ്യ കേന്ദ്രം എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഫാറ്റിലിവർ രോഗാവസ്ഥ നേരത്തെ കണ്ടുപിടിക്കാൻ പറ്റുന്ന സാങ്കേതികവിദ്യ വികസിപ്പിക്കാനുള്ള എ.എൻ.ആർ.എഫ്-പെയർ ഗവേഷണ പദ്ധതിയുടെ ഭാഗമായാണ് പരിപാടി. ഈ ദേശീയതല ഗവേഷണപദ്ധതിയിൽ മഹാത്മാഗാന്ധി സർവകലാശാലയും പ്രധാനപങ്ക് വഹിക്കുന്നുണ്ട്.

പഠനത്തിന്റെ ഭാഗമാകാൻ തയ്യാറായവർക്ക് സൗജന്യ രക്തപരിശോധനയും ഫൈബ്രോസ്കാൻ പരിശോധനയും നടത്താൻ സൗകര്യമുണ്ടായിരിക്കും.

11 മണിക്ക് ആരംഭിക്കുന്ന പരിപാടിയിൽ രോഗകാരണങ്ങൾ, അപകടസാധ്യതകൾ, നേരത്തെയുള്ള രോഗനിർണയം, രോഗപുരോഗതി, പ്രതിരോധം, മുൻകരുതലുകൾ എന്നിവയെ പറ്റി പ്രഗത്ഭരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ ക്ലാസുകൾ സംഘടിപ്പിക്കും.
ബോധവത്കരണ ക്യാമ്പയിനിൽ പങ്കെടുക്കാനാകാത്തവർക്കും പഠനത്തിൽ ഭാഗഭാക്കാകാവുന്നതാണ്. സന്നദ്ധരായവർ 6235616044 എന്ന നമ്പറിലേക്ക് വാട്സാപ് മുഖേന താൽപര്യം അറിയിക്കണം.
പി.ആർ.ഒ/836/2026

പരീക്ഷാഫലം

നാലാം സെമസ്റ്റർ ബി.വോക് (പുതിയ സ്കീം, 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ

ഇംപ്രൂവ്മെന്റ്, 2019-2023 അഡ്മിഷൻ റീ-അപ്പിയറൻസ്, 2018 അഡ്മിഷൻ മേഴ്സി ചാൻസ്) മാർച്ച് 2026ന്റെ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. റീവാല്യുവേഷനും, സ്ക്രൂട്ടിനിക്കും സെപ്റ്റംബർ 30 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പി.ആർ.ഒ/837/2026

## ഡിപ്ലോമ ഇൻ ട്രോമ ഇൻഫോംഡ് തെറാപ്പി

മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് നടത്തുന്ന ആറുമാസത്തെ ഡിപ്ലോമ ഇൻ ട്രോമ ഇൻഫോംഡ് തെറാപ്പി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. സൈക്കോളജി, സോഷ്യൽ വർക്ക്, ബി.എസ്.സി നഴ്സിംഗ്, ജനറൽ നഴ്സിംഗ്, ബി.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ എന്നിവയാണ് യോഗ്യത. പ്രായപരിധിയില്ല.

കൂടുതൽ വിവരങ്ങൾക്ക്: 7010645494, 8991391580

പി.ആർ.ഒ/838/2026

## സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവ്വകലാശാലാ ക്യാമ്പസിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റീ സ്റ്റഡീസിൽ എം.എസ്.ഡബ്ല്യൂ കോഴ്സിന്റെ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 17-ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഓഫീസിൽ ഹാജരാകണം. ബിരുദതലത്തിൽ സയൻസ് വിഷയങ്ങൾക്ക് 55%-ഉം ഹ്യുമാനിറ്റീസ് വിഷയങ്ങൾക്ക് 50%-ഉം ആണ് യോഗ്യത. സംവരണ വിഭാഗങ്ങൾക്ക് നിയമാനുസൃത ഇളവ് ലഭിക്കും. ഫോൺ: 9037767691

പി.ആർ.ഒ/839/2026

പബ്ലിക് റിലേഷൻസ് ഓഫീസർ